ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 30.06.2026**

1. മത്സ്യതൊഴിലാളികൾക്കുള്ള പഞ്ഞമാസാനുകൂല്യ വിതരണം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.
2. കാർഷിക മേഖലയിൽ നിർമിത ബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നൂതനപദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി ടി.സിദ്ദിഖ് നിയമസഭയിൽ.
3. സെൽഫ് എന്യുമറേഷൻ സെൻസസ് നടപടികൾക്ക് സംസ്ഥാനത്ത് ഇന്നു കൂടി അവസരം; നാളെ മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം.
4. ബ്രിക്സ് വനിതാ പ്രവർത്തക സമിതി- വനിതാ മന്ത്രിതല യോഗങ്ങൾ അടുത്ത മാസം 6 മുതൽ കൊച്ചിയിൽ ചേരും.
5. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത; കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ലോകകപ്പ് ഫുട്ബോളിൽ നെതർലൻറ്സിനെതിരെ മൊറോക്കോക്ക് ജയം.

RNU TVPM

## സഭ-വാക്കൗട്ട്

മത്സ്യത്തൊഴിലാളി ആനുകൂല്യങ്ങൾ സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസാനുകൂല്യം വിതരണം ചെയ്യാത്തത് സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സജി ചെറിയാൻ ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. എന്നാൽ, ട്രോളിംഗ് നിരോധന കാലത്ത് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകുന്ന 4,500 രൂപയുടെ ആദ്യ ഗഡുവായ 1,500 രൂപ നൽകി വരികയാണെന്ന് മന്ത്രി വി ഇ അബ്ദുൾ ഗഫൂർ മറുപടി നൽകി. സൗജന്യ റേഷൻ വിതരണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. ബജറ്റിൽ മത്സ്യ തൊഴിലാളി മേഖലയിൽ 50 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ടെന്നും എല്ലാ അനുകൂല്യവും നൽകുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മത്സ്യ തൊഴിലാളികൾക്കുള്ള ഗുണഭോക്തൃ വിഹിതം കൃത്യമായി വിതരണം ചെയ്യില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ കുറ്റപ്പെടുത്തി.

RNU TVPM

## ടി.സിദ്ദിഖ് (ഇൻട്രോ)

സംസ്ഥാനത്ത് കാർഷിക മേഖലയിൽ AI ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി നൂതനപദ്ധതികൾ നടപ്പാക്കുമെന്ന് മന്ത്രി T. സിദ്ദിഖ്. ജീവിതശൈലീ രോഗങ്ങളുടെ ആധിക്യം കുറയ്ക്കാൻ പരമ്പരാഗത രീതി ഉപയോഗിച്ച് കൃഷി ശക്തിപ്പെടുത്തുമെന്നും ടി സിദ്ദിഖ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

(.......വോയിസ്......)

## ഒ.ജെ.ജനീഷ്- സഭ

ഓരോ സ്കൂളിലും കുറഞ്ഞത് ഒരു കായിക ഇനമെങ്കിലും പ്രോത്സാഹിപ്പിക്കുകയും പരിശീലനത്തിനും മത്സരങ്ങൾക്കും ആവശ്യമായ സാകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന "ഒരു സ്കൂളിൽ ഒരു ഗെയിം പദ്ധതി" നടപ്പിലാക്കാൻ തീരുമാനിച്ചതായി മന്ത്രി ഒ.ജെ.ജനീഷ്. ഇതിലൂടെ വിദ്യാർത്ഥികളുടെ കായിക പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സ്കൂൾ തലത്തിൽ കായിക മികവ് വളർത്തുന്നതിനും ലക്ഷ്യമിടുന്നതായും മന്ത്രി നിയമസഭയെ അറിയിച്ചു. മത്സരത്തിനിടെ പരിക്കേൽക്കുന്ന കായികതാരങ്ങൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് കായിക വകുപ്പിൻറെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## സി.പി.ജോൺ

'ഇന്ദിരാ ഗ്യാരണ്ടി" പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 3,125 ഓർഡിനറി ബസുകളിലാണ് 'പ്രിയദർശിനി' സൗജന്യയാത്രാ പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് മന്ത്രി സി പി ജോൺ. തിരുവനന്തപുരത്ത് മാത്രമാണ് സിറ്റി ഫാസ്റ്റ് സർവീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നത്. സിറ്റി ഫാസ്റ്റ് സർവ്വീസുകൾ മാത്രം ഓപ്പറേറ്റ് ചെയ്തുവരുന്ന റൂട്ടുകളിൽ ഓർഡിനറി സർവീസുകൾ ആരംഭിക്കുന്നത് പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു. കോവിഡ് കാലത്ത് റദ്ദാക്കിയ കെ.എസ്.ആർ.ടി.സി സർവീസുകളിൽ ലാഭകരമായി മുന്നോട്ട് കൊണ്ടു പോകാൻ കഴിയുന്നവ പുനരാരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുമെന്നും അദ്ദേഹം സഭയിൽ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി റോജി എം.ജോൺ

വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് Semester in Kerala പദ്ധതിയിലൂടെ അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ. ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുമെന്നും അദ്ദേഹം സഭയെ അറിയിച്ചു. സംസ്ഥാനത്ത് നിന്നുള്ള അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രഗത്ഭരായ വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിനുമായാണ് പദ്ധതി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സെൻസസ്

സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷന് ഇന്നു കൂടി അവസരം. ഇന്ന് രാത്രി 12 മണിയോടെയാണ് കേരളത്തിലെ സെൽഫ് എന്യുമറേഷൻ സൗകര്യത്തിനുള്ള സമയപരിധി അവസാനിക്കുക. se.census.gov.in എന്ന പോർട്ടലിലാണ് വിവര ങ്ങൾ സമർപ്പിക്കേണ്ടത്. നാളെ മുതൽ വീടുകൾ തോറുമുള്ള വിവരശേഖരണം തുടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ബ്രിക്സ് യോഗം

ഇന്ത്യയുടെ അധ്യക്ഷതയിലുള്ള ബ്രിക്സ് വനിതാ ട്രാക്കിന്റെ മൂന്നാമത് മുന്നൊരുക്ക യോഗം ന്യൂഡൽഹിയിൽ വെർച്വലായി ചേർന്നു. ബ്രിക്സ് വനിതാ പ്രവർത്തക സമിതി- വനിതാമന്ത്രിതല യോഗങ്ങൾ അടുത്ത മാസം 6 മുതൽ

കൊച്ചിയിൽ ചേരുന്നതിന്റെ ഭാഗമായായിട്ടായിരുന്നു യോഗം. വനിതാ ട്രാക്കിന് കീഴിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെ അഭിനന്ദിച്ച അംഗരാജ്യങ്ങൾ സ്ത്രീ ശാക്തീകരണത്തിലുള്ള തങ്ങളുടെ സഹകരണം ആവർത്തിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

<u>മഴ- കേരളം</u>

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതേസമയം തെക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

<u>തെരുവ് നായ ശല്യം (ഇൻട്രോ)</u>

തെരുവ് നായ ശല്യം കാരണം തൃശ്ശൂർ ചൂണ്ടൽ ഗവൺമെന്റ് യു.പി സ്കൂളിന് ഇന്നും അവധി. നായകളെ പിടികൂടാനുള്ള ശ്രമം പരാജയപ്പെട്ടതോടെയാണ് തുടർച്ചയായ രണ്ടാം ദിവസവും അധികൃതർ സ്കൂളിന് അവധി പ്രഖ്യാപിച്ചത്. **വിശദവിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് ...........**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## പൾസ് പോളിയെ

പൾസ് പോളിയോ ഇമ്മ്യൂണൈസേഷന്റെ രണ്ടാം ദിനത്തിൽ സംസ്ഥാനത്ത് 1.3 ലക്ഷം കുട്ടികൾക്ക് ആരോഗ്യപ്രവർത്തകർ വീടുകളിലെത്തി വാക്സിൻ നൽകി. ഇതോടെ അഞ്ചു വയസിനു താഴെയുള്ള ആകെ 19.8 ലക്ഷം കുട്ടികളിൽ 18.83 ലക്ഷം കുട്ടികൾ വാക്സിൻ സ്വീകരിച്ചതായി ആരോഗ്യ മന്ത്രി കെ.മുരളീധരൻ അറിയിച്ചു. അവശേഷിക്കുന്ന ഏകദേശം ഒരു ലക്ഷം കുട്ടികൾക്ക് ഇന്ന് വീടുകളിലെത്തി മരുന്ന് നൽകുമെന്നും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഫിഫ (ഇൻട്രോ)

ഫിഫാ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നടന്ന മത്സരത്തിൽ നെതർലൻറ്സിനെതിരെ മറോക്കോക്ക് ജയം. ഇതോടെ നെതർലൻഡ്സ് ടൂർണമെന്റിൽ നിന്നും പുറത്തായി. ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്......

RNU TVPM

(വോയിസ്)

ഇന്നലെ നടന്ന നോക്ക് ഔട്ട് മത്സരങ്ങളിൽ ബ്രസീൽ ജപ്പാനെയും, പരാഗ്വേ ജർമ്മനിയെയും പരാജയപ്പെടുത്തി പ്രീ ക്വാർട്ടറിൽ കടന്നു. ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി ക്യാനഡയും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഐവറി കോസ്റ്റും നോർവേയുമായുള്ള നോക് ഔട്ട്

പോരാട്ടം ഇന്ത്യൻ സമയം രാത്രി 10.30 ന് തുടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ചീഫ് സെക്രട്ടറി

സംസ്ഥാനത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ബിശ്വനാഥ് സിൻഹ ഇന്ന് ചുമതലയേൽക്കും.

ചീഫ് സെക്രട്ടറി M ജയതിലക് ഇന്ന് സ്ഥാനമൊഴിയുന്ന ഒഴിവിലേക്കാണ് അദ്ദേഹം നിയമിതനാകുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## വിഴിഞ്ഞം ഓഹരി

ലോകത്തിലെ ഏറ്റവും വലിയ ഗതാഗത-ലോജിസ്റ്റിക്സ് കൂട്ടായ്മയായ MSC ഗ്രൂപ്പും അദാനി പോർട്സും തമ്മിൽ സഹകരണത്തിന് ധാരണ. ഇതേ തുടർന്ന് MSC ഗ്രൂപ്പിന്റെ കണ്ടെയ്നർ ടെർമിനൽ പ്രവർത്തന-നിക്ഷേപ വിഭാഗമായ TiL, വിഴിഞ്ഞം തുറമുഖത്തിലെ 49 ശതമാനം ഓഹരി സ്വന്തമാക്കും. ഏതാണ്ട് 27,000 കോടി രൂപ മൂല്യമുള്ള പദ്ധതിയിൽ TiL നിക്ഷേപിക്കുന്നത് ഏകദേശം 13,000 കോടി രൂപയാണ്. പ്രവർത്തനം ആരംഭിച്ച് 18 മാസത്തിനുള്ളിൽ തന്നെ 20 ലക്ഷം TEU കൈകാര്യം ചെയ്ത ഇന്ത്യയിലെ ആദ്യ തുറമുഖമെന്ന നേട്ടം ഇതിനകം വിഴിഞ്ഞം സ്വന്തമാക്കിയിട്ടുണ്ട്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## പാസിംഗ് ഔട്ട് പരേഡ്

കണ്ണൂർ പെരിങ്ങോം സി.ആർ.പി.എഫ് കേന്ദ്രത്തിൽ പരിശീലനം പൂർത്തിയാക്കിയ 160-ാം മത് ബാച്ചിൻറെ പാസിംഗ് ഔട്ട് പരേഡ് ഇന്ന് നടന്നു. പെരിങ്ങോം കേന്ദ്രം മേധാവി മാത്യു എ ജോൺ സല്യൂട്ട് സ്വീകരിച്ചു. 11 മാസത്തെ പരിശീലനം പൂർത്തിയാക്കിയ 266 പേരാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## മത്സ്യത്തൊഴിലാളികളെ കണ്ടെത്തി

വിഴിഞ്ഞം തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോയി കാണാതായ മൂന്ന് മത്സ്യത്തൊഴിലാളികളെയും സുരക്ഷിതമായ നിലയിൽ കണ്ടെത്തി. വെട്ടുകാട് സ്വദേശികളായ സനു, റോബിൻസൺ, വലിയവേളി സ്വദേശി ബാബു ,എന്നിവരെയാണ് കഴിഞ്ഞ ദിവസം കാണാതായത്. മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റ് ഗാർഡ്, മത്സ്യത്തൊഴിലാളികൾ, കാണാതായവരുടെ ബന്ധുക്കൾ ഉൾപ്പെടെ നടത്തിയ വ്യാപക തിരച്ചിലിനു ശേഷമാണ് മൂന്ന് പേരെയും സുരക്ഷിതരായി കണ്ടെത്തിയത്.

RNU TVPM